Talented Bankers Literary Panel
പുസ്തക പരിചയം 257

അഖിലലോക ആടുകമ്പനി
മജീദ് സെയ്ദ്

പരിചയപ്പെടുത്തുന്നത്,
അമിത് കുമാർ,
ഫെഡറൽ ബാങ്ക്,
ഹെഡ് ഓഫീസ്,
ആലുവ.

ഒരു ആടാണ് പേരു സൂചിപ്പിക്കുന്നതുപോലെ ആടുകമ്പനിയിലെ നായകൻ. റാണാസിംഗ് എന്നായിരുന്നു അവന്റെ ആദ്യപേര്. മറ്റു വളർത്തുമൃഗങ്ങളെ പോലെ തന്നെ, ഉടമസ്ഥർ മാറിയപ്പോൾ റാണാസിംഗിന്റേയും പേരു മാറി.

അങ്ങനെ മൂന്നു പേരുകളാണ് അവനു വന്നുപോയത്. താൻ ജനിച്ച രാജസ്ഥാനിലെ ഗ്രാമമുഖ്യനായ പ്രതാപ് സിങ്ങ് കൊടുത്തതാണ് ആദ്യ പേരായ റാണാസിംഗ്.

കുട്ടികളില്ലാതിരുന്ന പ്രതാപ് സിങ്ങ് എഴുപതാം വയസിൽ വിവാഹം ചെയ്ത പതിനാലുകാരി ചമേലി ഗർഭിണിയായത് റാണാസിങ്ങിന്റെ അമ്മ ചീരു ആട് അവനെ പ്രസവിച്ച ദിവസമായിരുന്നു. തന്റെ സൗഭാഗ്യങ്ങൾക്കു കാരണം ജനിച്ചുവീണ മുട്ടനാടാണെന്നു നിശ്ചയിച്ച പ്രതാപ് സിങ്ങ് അവന് റാണാസിങ്ങ് എന്ന ഉശിരൻ പേരു തന്നെ കൊടുത്തു.

തുടർന്ന് റാണാസിങ്ങ് ഒരു അദ്ഭുത ആടായി മാറുകയാണ്. ഉത്സവം, കൃഷി, ഗൃഹനിർമ്മാണം, കിണറുകുത്ത്, ജനനം, മരണം, വിവാഹം, പ്രസവം, ആർത്തവം എന്നുതുടങ്ങി എല്ലാ പരിപാടികൾക്കും റാണാസിങ്ങ് അവിഭാജ്യഘടകമായി. അവന്റെ കാട്ടം വായിലിട്ട് കൊറിച്ച് വികൃതിക്കുട്ടികളുടെ വയറുദീനവും വിരശല്യവും ശമിച്ചു. ഇതിനൊക്കെ പുറമെ, കുട്ടികളുണ്ടാവാത്ത ദമ്പതികളുടെ കട്ടിലിനടിയിൽ അവനെ കെട്ടിയിട്ട് അനുഗ്രഹിക്കുന്ന ഒരു ദിവ്യസമ്പ്രദായവും പ്രതാപ് സിങ്ങ് തുടങ്ങിക്കളഞ്ഞു.

ഇങ്ങനെ കാര്യങ്ങൾ ഭംഗിയായി മുന്നോട്ടു പോവുമ്പോഴാണ് പ്രതാപ് സിങ്ങിന്റെ പതിനാലുകാരി ഭാര്യ ചമേലി, തന്റെ വിവാഹപൂർവ കാമുകനും നിലവിലെ ജാരനുമായ ബോലയുമായി ചേർന്ന് റാണാസിങ്ങിനെ ഒഴിവാക്കാൻ ശ്രമിക്കുന്നത്.

ഏതാണ്ട് ഇതേ സമയത്താണ്, ലോറി ഡ്രൈവറും വണ്ണപ്പാറക്കാരനുമായ ലോറിബേബി പുണ്യാളനാട് എന്നു പേരു കേട്ടുകഴിഞ്ഞ റാണാസിങ്ങിനെ നാട്ടിലേക്കു തട്ടിക്കൊണ്ടുപോകാൻ തീരുമാനിക്കുന്നത്. തന്റെ കിളിപ്പയ്യന്റെ നേരിട്ടുള്ള സഹായത്താലും ബോലയുടെ പരോക്ഷമായ സഹകരണത്താലും ലോറിബേബിക്ക്

റാണാസിങ്ങിനെ നാട്ടിലേക്കു കടത്താൻ സാധിക്കുന്നു.

റാണാസിങ്ങ് അങ്ങനെ മാമോദീസ മുങ്ങാതെ തന്നെ രാരിച്ചനായി മാറുന്നു. മാംസാഹാരവും തുടങ്ങുന്നു. നാട്ടുകാർക്കും പള്ളിക്കാർക്കും വേണ്ടി ഒട്ടനവധി അദ്ഭുതങ്ങളും രാരിച്ചൻ പ്രവർത്തിക്കുന്നുണ്ട്.

പക്ഷേ, ഏതാണ്ട് ഒരു വർഷം കൊണ്ട് രാരിച്ചൻ ലോറിബേബിയുടേയും ഭാര്യ ലില്ലിയുടേയും കുടുംബത്തിന്റേയും ജീവിതത്തിൽ പല നഷ്ടങ്ങളും വരുത്തിവെക്കുന്നു. ഇതിന്റെ കാരണമന്വേഷിച്ചു ചെന്ന കണിയാനാണു പറയുന്നത് രാരിച്ചൻ കഴിഞ്ഞ ജന്മത്തിൽ ഡമാസ്കസുകാരനായ പോക്കർ എന്ന മുസ്ലീമായിരുന്നത്രെ!

ഈ ജന്മത്തിൽ അവനെ പോക്കർ എന്ന പേരിട്ടു തന്നെ ഒരു മുസ്ലീം കുടുംബം വളർത്തണമെന്നും ഇല്ലെങ്കില് ആൾനാശം വരെയുണ്ടാവുമെന്നും കണിയാൻ പ്രസ്താവിക്കുന്നു.

അങ്ങനെയാണ് രാരിച്ചൻ പോക്കറാവുന്നത്. അവൻ എത്തുന്നതാവട്ടെ, ഭർത്താവായ ചേക്കുട്ടിയെ കാണാതായ റാവുത്തർ കോളനിയിലെ ബൽക്കീസ് ബീവിയുടെ പക്കലും. ബൽക്കീസിന്റെ എട്ടുവയസുകാരൻ മകൻ റാഷിക്കുട്ടന്റെ ഉറ്റ തോഴനായി മാറുകയാണ് പിന്നീട് പോക്കർ.

ബൽക്കീസ് പക്ഷേ പോക്കറെ വളർത്തുന്നത് വളർത്താനല്ല, മറിച്ച് ഉള്ളാളത്ത് നേർച്ച കൊടുക്കാനാണ്.

അടുത്ത നേർച്ചയ്ക്ക് പോക്കറെ ഉള്ളാളത്ത് സമർപ്പിച്ചാൽ ഒമ്പതുവർഷം മുമ്പ് വീടുവിട്ടുപോയ ചേക്കുട്ടി മടങ്ങിയെത്തുമത്രെ.

നേർച്ചയാവുക എന്നുവച്ചാൽ തന്നെ അറുത്ത് ബിരിയാണിയാക്കുക എന്നാണെന്ന് പോക്കറിനറിയാം. പക്ഷേ അവനെ അത് അലട്ടുന്നില്ല.

കഥയിൽ പൊടുന്നനെ മറ്റു കഥാപാത്രങ്ങൾ കടന്നുവരുന്നു. അതിക്രൂരനായ കീരിനവാസ്, വസന്തം നസീറ്, സുലോചനയുടെ തത്ത, കണ്ണുസ്താദ്, മീരാ റാവുത്തർ, റെയിൽവെ സ്റ്റേഷനു സമീപത്തെ ആൺപട്ടിയും പ്രായം അൽപം കൂടിയ പെൺപട്ടിയും.

ഇതോടെ കഥയിൽ മനുഷ്യ-മൃഗ വ്യത്യാസം നേർത്തു വരുന്നു. ഇരുകൂട്ടരും പരസ്പരം സ്വഭാവം വെച്ചുമാറുന്നതുപോലെ.

മനസിൽ വായിക്കുന്നതിനു പകരം ചെറുതായി ചുണ്ടനക്കിയെങ്കിലും വായിക്കുന്ന ശീലമാണ് നിങ്ങൾക്കുള്ളതെങ്കിൽ ഗദ്ഗദത്തോടെ മാത്രമേ അവസാനത്തെ മൂന്നാലു പേജുകൾ വായിച്ചുതീർക്കുകയുള്ളൂ.

അത്രനേരം നർമ്മത്തിൽ ചാലിച്ചെഴുതിയ നോവൽ വഴിമാറി ശോകത്തിന്റേയും

ത്യാഗത്തിന്റേയും പ്രതികാരത്തിന്റേയും മൃഗീയം/ മാനുഷികം എന്നു വേർതിരിക്കാനാവാത്ത ഭൂമികകളിലേക്കാണ് വായനക്കാരനെ എത്തിക്കുന്നത്.

അവസാനം എന്തു സംഭവിക്കുന്നു? റാണാസിങ്ങ്/ രാരിച്ചൻ/ പോക്കർ ബിരിയാണി ആകുമോ ? മുള്ളാണി നിറച്ച പുഴുക്കുമുട്ട പെൺപട്ടിയെക്കൊണ്ടു തീറ്റിച്ച കീരിനവാസിന് എന്തു സംഭവിക്കും? ഒമ്പതു വർഷം മുമ്പു കാണാതായ ചേക്കുട്ടി തിരികെ എത്തുമോ ?

ഉത്തരങ്ങൾ ആടുകമ്പനി തന്നെ തരട്ടെ.

പ്രസാധകർ : ഡിസി ബുക്സ്
വില : 99 രൂപ
**** **** **** ****

കോട്ടയം ജില്ലയിലെ വൈക്കം കാരനായ മജീദ് സെയ്ദ് നിലവിൽ കർണാടകയിലെ ഷിമോഗയ്ക്കടുത്ത് കാർഷികവൃത്തിയിലേർപ്പെട്ടിരിക്കുന്നു. ആനുകാലികങ്ങളിൽ കഥയും ലേഖനങ്ങളും എഴുതുന്നു. ചെമ്പിലമ്മിണി എന്ന നോവൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പെൺവാതിൽ ആദ്യ കഥാസമാഹാരം.